**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1670** **08-02-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷി ഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും സ്മാർട്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുവാനുള്ള നടപടികളാണ് സർക്കാർ കൈകൊണ്ട് വരുന്നത്. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലേയും എം.എൽ.എ മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കേണ്ട 139 കൃഷിഭവനുകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളെ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് നടപടി ആരംഭിച്ചു.<br><br>കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ജില്ലയിൽ ഒരു കൃഷിഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായുള്ള നടപടികൾ കെ.എൽ.ഡി.സി. മുഖാന്തിരം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | കൃഷി ഭവനുകൾ സ്മാർട്ടാകുന്നതോടെ എന്തെല്ലാം സൗകര്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; വിശദവിവരം അറിയിക്കുമോ; | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർവ്വീസ് ഡെലിവറി, അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.<br><br>പഞ്ചായത്ത് തലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി. അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ, ഫ്രണ്ട് ഓഫീസ് സേവന സംവിധാനം എന്നിവ പ്രദാനം ചെയ്തു കൊണ്ട് കൃഷിഭവനുകളെ കാർഷിക സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നു. സേവനങ്ങൾ ഓൺലൈൻ ആയി മാറുന്നതോടെ വേഗത്തിലും സമയബന്ധിതമായും സേവനങ്ങൾ കർഷകർക്ക് ലഭ്യമാകും.<br><br>കൂടാതെ കർഷകരുടെ കൃഷിസ്ഥലത്തിന്റേയും ഫാം പ്ലാനിന്റെയും ഡിജിറ്റൈസേഷൻ, നഴ്സറികളുടേയും വിവിധ ഫാമുകളുടെയും ഡിജിറ്റൈസേഷൻ, ജലസേചന സൗകര്യങ്ങളോടു കൂടിയുള്ള ഗ്രീൻഹൗസുകളുടെ നിർമ്മാണം, കൃഷിഭവൻ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തങ്ങൾ ആർ.ഐ.ഡി.എഫ് സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്നതാണ്. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകളെയാണ് ആദ്യ ഘട്ടത്തിൽ സ്മാർട്ടാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ? | (സി) | സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയുടെ ആദ്യഘട്ടത്തിൽ ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും പനങ്ങാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളത്. ആയത് 2023 മാർച്ച് മാസത്തിൽ പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ